പതിമൂന്നാം കേരള നിയമസഭ

ഒമ്പതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 5090 02.07.2013-ൽ മറുപടിയ്ക്ക്

# വൈദ്യുതി വിതരണ മേഖലയിൽ ഫൈനാൻഷ്യൽ റീ - സ്ട്രക്ചറിംങ്.

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. മാത്യു. റ്റി. തോമസ് :<br>ശ്രീ. ജോസ് തെറ്റയിൽ :<br>ശ്രീ. സി. കെ. നാണു :<br>ശ്രീമതി. ജമീലാ പ്രകാശം : | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി) |
| (എ) വൈദ്യുതി വിതരണ മേഖലയിൽ ഫൈനാൻഷ്യൽ റീ-സ്ട്രക്ചറിംങ് എന്ന കേന്ദ്ര ഗവൺമെൻറ് പാക്കേജ് സംസ്ഥാന ഗവൺമെൻറ് അംഗീകരിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;<br><br>(ബി) വർഷം തോറും കറൻറ് ചാർജ്ജ് വർദ്ധിപ്പിക്കുവാനും വിതരണ മേഖലയിൽ ഫ്രാഞ്ചൈസി - സ്വകാര്യവത്ക്കരണത്തിനും തയ്യാറാണ് എന്ന് കേന്ദ്ര ഗവൺമെൻറിനെ അറിയിച്ചിട്ടുണ്ടോ ;<br><br>(സി) കേരളത്തിലെ സാധാരണ ജനങ്ങളെയും കൃഷിക്കാരെയും വ്യവസായത്തെയും പ്രസ്തുത തീരുമാനം ഗുരുതരമായി ബാധിക്കും എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദമാക്കുമോ ? | (എ) (ബി) & (സി) സംസ്ഥാന സർക്കാരുകളുടെ ഉടമസ്ഥതയിലുള്ള വൈദ്യുതി വിതരണ കമ്പനികളുടെ സാമ്പത്തിക പുനരുദ്ധാരണ സ്കീമിൽ സംസ്ഥാനം ചേരുന്നതും ആയത് വൈദ്യുതി ബോർഡിൽ നടപ്പിലാക്കുന്നതും സംബന്ധിച്ച വിഷയം സർക്കാർ പരിഗണിക്കുകയും ടി പദ്ധതിയിൽ സംസ്ഥാന സർക്കാർ ചേരുന്നതാണ് എന്നും സ്വകാര്യ ഫ്രാഞ്ചൈസിയും പൊതു സ്വകാര്യ മേഖലാ പങ്കാളിത്തവും (Public-Private-Participation) ഉണ്ടായിരിക്കുന്നതല്ല എന്ന് തീരുമാനിക്കുകയും ചെയ്തു. തദനുസരണം സർക്കാർ നിലപാടു വ്യക്തമാക്കിക്കൊണ്ട് കേന്ദ്ര സർക്കാരിന് 27-02-2013-ൽ ഊർജ്ജ വകുപ്പു സെക്രട്ടറി കത്തു നൽകിയിട്ടുണ്ട്.<br><br>2003-ലെ കേന്ദ്ര ഇലക്ട്രിസിറ്റി ആക്ട് അനുസരിച്ച് വൈദ്യുതി ചാർജ്ജ് നിശ്ചയിക്കുന്നതിനുള്ള അധികാരം സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷനിൽ നിക്ഷിപ്തമാണ്. ഇലക്ട്രിസിറ്റി അപ്പലേറ്റ് ട്രൈബ്യൂണലിൻെറ 11-11-2011-ലെ വിധിന്യായ (ഒ. പി. നമ്പർ 1/2011) പ്രകാരം സംസ്ഥാന റഗുലേറ്ററി കമ്മീഷനുകൾ ഓരോ സാമ്പത്തിക വർഷത്തേയും പുതുക്കിയ താരിഫ് ഏപ്രിൽ 1 ന് മുൻപ് നിശ്ചയിക്കേണ്ടതാണ്.<br><br>ഫ്രാഞ്ചൈസി മാതൃകയിലോ പൊതു-സ്വകാര്യ-പങ്കാളിത്തത്തോടെയോ ഉള്ള വൈദ്യുതി വിതരണ മേഖലയിലെ സ്വകാര്യ പങ്കാളിത്തം അനുവദിക്കുന്നതിൻെറ പിന്നിലുള്ള കേന്ദ്രസർക്കാരിൻെറ പ്രധാന ഉദ്ദേശ്യം സാങ്കേതിക വാണിജ്യനഷ്ടം (Aggregate Technical and Commercial Loss) കുറയ്ക്കുക എന്നതാണെന്നു കരുതുന്നു. രാജ്യത്തെ മറ്റു സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളം ഇക്കാര്യത്തിൽ അസൂയാവഹമായ പുരോഗതി കൈവരിച്ചുകഴിഞ്ഞിട്ടുണ്ട്. കേരള |

സംസ്ഥാന വൈദ്യുതി ബോർഡ് മേൽപ്പറഞ്ഞ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സംസ്ഥാനങ്ങളിലെ സ്ഥാപനങ്ങളേക്കാൾ ഫലപ്രദമായി പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. ആയതിനാൽ ഇവ സംസ്ഥാനത്തിൻെറ പ്രത്യേക സാഹചര്യത്തിൽ വിജയകരമായിരിക്കില്ല എന്നു കേന്ദ്ര സർക്കാരിനെ ബോധ്യപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

**സെക്ഷൻ ഓഫീസർ.**